പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5712 2/7/2019 ൽ മറുപടിക്ക്

## മാതൃക മൃഗസംരക്ഷണഗ്രാമം പദ്ധതി

ചോദ്യം

ശ്രീമതി.വീണാ ജോർജ്ജ് :

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മാതൃക മൃഗസംരക്ഷണഗ്രാമം പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | എ) | സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ മൃഗസംരക്ഷണ മേഖലയിലുള്ള പദ്ധതികൾ നടപ്പിലാക്കി മാതൃകാ മൃഗസംരക്ഷണ ഗ്രാമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അതാത് മേഖലാടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന പ്രോജക്ടുകൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ സഹായമായി ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. 2019-20 ൽ 20 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കും. |
| ബി) | ആറന്മുളയിലെ കന്നുകാലികളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള എണ്ണം ലഭ്യമാക്കാമോ; | ബി) | അനുബന്ധമായി ചേർക്കുന്നു. |
| സി) | നാടൻ പശുവിനങ്ങളായ വെച്ചൂർ, കാസർകോഡ് കുള്ളൻ, സഹിവാൾ തുടങ്ങിയ ഇനങ്ങളുടെ ബീജങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷീരകർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ച് പശുക്കൾക്ക് കുത്തിവയ്ക്കുന്നതിനും നിലവിൽ എന്ത് ക്രമീകരണങ്ങളാണ് ഉള്ളതെന്നറിയിക്കാമോ; | സി) & ഡി) | കേരളത്തിന്റെ തനത് നാടൻ ഇനങ്ങളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ, ഇതര സംസ്ഥാനങ്ങളിലെ തനത് ജനുസ്സുകളായ സഹിവാൾ, ഗിർ, റാത്തി, റെഡ് സിന്ധി, എന്നിവയുടെ വിത്തുകാളകൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ ബുൾ സ്റ്റേഷനുകളിൽ ലഭ്യമാണ്. ഇവയുടെ ഗാഢശീതീകരിച്ച ബീജം ആവശ്യാനുസരണം മൃഗസംരക്ഷണ വകുപ്പിന്റെ ബീജാധാനകേന്ദ്രങ്ങളിലെല്ലാം ബോർഡ് എത്തിക്കുന്നുണ്ട്. അതാത് തനത് ജനുസ്സുകളിൽപ്പെട്ട പശുക്കളിൽ മാത്രം ഈ ബീജം ഉപയോഗിച്ച് പ്രജനനം ഉറപ്പുവരുത്തുവാൻ ഫീൽഡ് തലത്തിൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | പത്തനംതിട്ട ജില്ലയിൽ പ്രസ്തുത സംവിധാനങ്ങൾ മൃഗസംരക്ഷണ വകുപ്പ് എപ്രകാരം നടപ്പാക്കുന്നുവെന്ന് വിവരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | വടശ്ശേരിക്കര,കോഴഞ്ചേരി ഐ.സിഡി.പി വാകയാർ, പുല്ലാട്, പള്ളിക്കൽ, പുലികീഴ്, ഒതറ, കോന്നി, കിടങ്ങന്നൂർ, DVC പത്തനംതിട്ട എന്നീ വെറ്ററിനറി ഹോസ്പിറ്റലുകളിലും, ചെറുകുളഞ്ഞി, റാന്നി അങ്ങാടി, ചിട്ടൂർ, കരിയന്നൂർ, കൊറ്റനാട്, കല്ലുട്ടുമൺ, ഏനാത്ത്, ICDP , പെരിങ്ങനാട്, കൊടുമൺ, കൊറ്റങ്ങൽ എന്നീ വെറ്ററിനറി ഡിസ്പെൻസറികളിലും ഈ സൗകര്യം ലഭ്യമാണ്.<br><br>കൂടാതെ നാടൻ ഇനങ്ങളുടെ ബീജമാത്രുകൾ കർഷകരുടെ ആവശ്യാനുസരണം കൂടുതൽ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Panchayath | CB | IND Cattle | ND Cattle | IND Buffalo | ND Buffalo | Goat | Grand Total |
|---|---|---|---|---|---|---|---|
| ആറന്മുള | 1304 | - | - | 37 | 11 | 651 | 2003 |
| ചെന്നീർക്കര | 1098 | - | 3 | 16 | 17 | 647 | 1781 |
| ഇലന്തൂർ | 802 | - | - | 11 | - | 564 | 1377 |
| കോഴഞ്ചേരി | 452 | - | - | 0 | 3 | 200 | 655 |
| കുളനട | 1348 | - | 2 | 9 | 4 | 935 | 2298 |
| മല്ലപ്പുഴശ്ശേരി | 672 | - | - | 22 | 9 | 301 | 1004 |
| മെഴുവേലി | 785 | - | 10 | 16 | 5 | 493 | 1309 |
| നാരങ്ങാനം | 906 | - | 3 | 31 | 9 | 681 | 1630 |
| ഓമല്ലൂർ | 1081 | - | - | 7 | 2 | 471 | 1561 |
| ഇരവിപേരൂർ | 1433 | 1 | 1 | 47 | 1 | 779 | 2262 |
| കോയിപ്രം | 1133 | - | - | 109 | - | 939 | 2181 |
| തോട്ടപ്പുഴശ്ശേരി | 799 | - | - | 42 | - | 447 | 1288 |
| പത്തനംതിട്ട (M) | 1194 | - | - | 29 | 19 | 1006 | 2248 |
| ആകെ | 13007 | 1 | 19 | 376 | 80 | 8114 | 21597 |

സെക്ഷൻ ഓഫീസർ